ടീച്ചർ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിക്കുന്ന പഠനോപകരണങ്ങളുടെ നിർമ്മാണ ശിൽപ്പശാല നടത്തുന്നതിനും സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സ്കൂൾ സ്പോർട്ട്സ് ഗ്രൂപ്പ് എന്നിവ ശക്തിപ്പെടുത്തി പഠന നിലവാരം ഉയർത്തുന്നതിന് പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും പദ്ധതിയുണ്ട്. പെൺകുട്ടികളുടേയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടേയും പഠന നിലവാരം ഉയർത്തുന്നതിന് പഠനോൽസവം പോലുള്ള വ്യത്യസ്തങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ, സമൂഹത്തിന് നിത്യജീവിതത്തിൽ ഉപകരിക്കുന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെടുത്തി പഠനം കൂടുതൽ അർത്ഥവത്താക്കുന്നതിനുള്ള ഒരു നൂതന പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടി

*22 [142] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) യു. പി. തലത്തിൽ തന്നെ കായിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ഇ) ഇത് പുനർനിർണ്ണയം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) എല്ലാ യു. പി. സ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക സൃഷ്ടിച്ച് സ്കൂൾതലത്തിൽ കായിക വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 129 സ്കൂളുകളിലെ യുവകായിക പ്രതിഭകളെ കണ്ടുപിടിച്ച് അവർക്ക് 5-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ നീണ്ടു നിൽക്കുന്ന പ്രത്യേക പരിശീലനം നൽകിവരുന്നു. ഇതിലേക്കായി പ്രതിവർഷം 50 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. കൂടാതെ ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ച് ഇതിലൂടെയും പരിശീലനം നൽകുന്നുണ്ട്. ജില്ലാ സംസ്ഥാന കായിക മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രൈസ് മണിയും, ദേശീയ മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5,000, 4,000, 3,000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും നൽകുന്നു. കൂടാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷനൽ ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകിവരുന്നു. കായിക രംഗത്ത് മികവ് തെളിയിക്കുന്ന സ്കൂളുകൾക്ക് കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ജില്ലാ സോണൽ മത്സരങ്ങളിലൂടെ തെരഞ്ഞെടുക്കുന്ന കായികരംഗത്തെ സമർത്ഥരായ 120 കുട്ടികൾക്ക് ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിൽ പ്രവേശനം നൽകുകയും 10-ാം ക്ലാസ്സു വരെയുള്ള പഠന ചെലവ് സർക്കാർ വഹിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്ക് ഓരോ വർഷവും സമ്മർ കോച്ചിംഗ് ക്യാമ്പ് നടത്തുന്നു.

(ബി) ഉണ്ട്.

(സി) കുട്ടികൾക്ക് ചെറുപ്രായത്തിൽത്തന്നെ കായിക വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് 129 സ്കൂളുകളിൽ 5-ാം ക്ലാസ്സ് മുതൽ പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) നിലവിലുള്ള മാനദണ്ഡം അനുസരിച്ച് 500-ൽ കുറയാത്ത വിദ്യാർത്ഥികളുള്ള എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നുണ്ട്.

(ഇ ആന്റ് എഫ്) സർക്കാരിന്റെ സാമ്പത്തിക പരാധീനത കാരണം തൽക്കാലം ഈ മാനദണ്ഡം പുനർ നിർണ്ണയം ചെയ്യുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

എസ്.എസ്.എ. പദ്ധതി

*23 [143] ശ്രീ. പി. ജയരാജൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി പ്രകാരം സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ;

(ബി) എസ്. എസ്. എ. പദ്ധതി പ്രകാരമുള്ള ബി.ആർ.സി. ട്രെയിനർമാരെ നിയമിക്കുന്നതിനു എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) 2003-2004 അദ്ധ്യയന വർഷം എത്ര പേരെ ബി.ആർ.സി. ട്രെയിനർമാരായി നിയമിച്ചുവെന്നും ഇതിൽ മലപ്പുറം ജില്ലയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർ എത്ര എന്നും അറിയിക്കുമോ;

(ഡി) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി സംസ്ഥാനതല കമ്മിറ്റി നിലവിലുണ്ടോയെന്നും എങ്കിൽ ഈ കമ്മിറ്റി എത്ര യോഗം ചേർന്നിട്ടുണ്ട് എന്നും പറയുമോ;

(ഇ) എസ്. എസ്. എ. പദ്ധതിക്കായി 2002-2003, 2003-2004 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽനിന്ന് എന്തു തുക ചെലവായിയെന്നും വെളിപ്പെടുത്തുമോ:

LIBRARY ARCHIVES Kerala Legislative Assembly